**SET-4**

**Series SGN**

**Code No. 12**

Roll No. | | | | | | | |

Candidates must write the Code on the title page of the answer-book.

- ചോദ്യപേപ്പറിൽ അച്ചടിച്ച **7** പുറങ്ങളുമുണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
- പരീക്ഷാർത്ഥി ചോദ്യപേപ്പറിന്റെ വലതുഭാഗത്തു കൊടുത്ത കോഡ് നമ്പർ ഉത്തരക്കടലാസ്സിന്റെ ടൈറ്റിൽ പേജിൽ എഴുതേണ്ടതാണ്.
- ചോദ്യപേപ്പറിൽ **4** ചോദ്യങ്ങൾ ഉണ്ടോയെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
- **ഉത്തരമെഴുതുന്നതിനു മുമ്പായി ചോദ്യത്തിന്റെ ക്രമനമ്പർ എഴുതുക.**
- ചോദ്യപേപ്പർ വായിക്കാൻ 15 മിനിട്ടാണ് അനുവദിച്ചിട്ടുള്ളത്. രാവിലെ 10.15 നു ചോദ്യപേപ്പർ വിതരണം ചെയ്യുന്നതാണ്. 10.15 മുതൽ 10.30 വരെ വിദ്യാർത്ഥികൾക്ക് ചോദ്യങ്ങൾ വായിച്ചുനോക്കാനുള്ള സമയമാണ്. ഈ സമയം ഉത്തരക്കടലാസ്സിൽ ഒരു ഉത്തരവും എഴുതാൻ ശ്രമിക്കരുത്.
- Please check that this question paper contains **7** printed pages.
- Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains **4** questions.
- **Please write down the Serial Number of the question before attempting it.**
- 15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer-book during this period.

# മലയാളം

# MALAYALAM

*അനുവദിച്ച സമയം : 3 മണിക്കൂർ* | *ആകെ മാർക്ക് : 100*

*Time allowed : 3 hours* | *Maximum Marks : 100*

1. (a) ഉത്പ്രേക്ഷാലങ്കാരത്തിന്റെ ലക്ഷണമെഴുതി സമന്വയിപ്പിച്ച് ഹേതൂത്പ്രേക്ഷ, ഫലോത്പ്രേക്ഷ എന്നിവ ഉദാഹരണസഹിതം വിശദീകരിക്കുക. 8

**അല്ലെങ്കിൽ**

പൂർണോപമ എന്നാലെന്ത് ? രശനോപമ, സാവയവോപമ ഇവ പൂർണോപമയിൽനിന്ന് എപ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് ഉദാഹരണസഹിതം വ്യക്തമാക്കുക.

(b) ധർമ്മ്യുത്പ്രേക്ഷ, ധർമോത്പ്രേക്ഷ എന്നിവ ഉദാഹരണസഹിതം വിവരിക്കുക. 7

**അല്ലെങ്കിൽ**

ലുപ്തോപമ, മാലോപമ എന്നിവ കവിതയ്ക്ക് എങ്ങനെ ചാരുത ചാർത്തുന്നു എന്ന് ഉദാഹരണസഹിതം വ്യക്തമാക്കുക.

2. (a) കേരളത്തിൽ ഉപയോഗശൂന്യമായിക്കിടക്കുന്ന നദികളെ ശുദ്ധീകരിച്ച് കാർഷികമേഖലയ്ക്ക് എപ്രകാരം ഉപയുക്തമാക്കാം എന്ന വിഷയത്തെക്കുറിച്ചു നടന്ന ചർച്ചയുടെ റിപ്പോർട്ട് തയ്യാറാക്കുക. 7

**അല്ലെങ്കിൽ**

'കുട്ടികളിൽ വായനയുടെ നിലവാരത്തകർച്ച' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ ഒരു ചർച്ചയുടെ റിപ്പോർട്ട് തയ്യാറാക്കുക.

(b) അവശ്യസാധനങ്ങളിൽ മായം കലർത്തുന്ന പ്രവണത നിയമംമൂലം തടയണം എന്നാവശ്യപ്പെട്ടുകൊണ്ട് പ്രമുഖ പത്രത്തിലേക്ക് ഒരു കത്തു തയ്യാറാക്കുക. *8*

**അല്ലെങ്കിൽ**

കുട്ടികളുടെ സഹകരണത്തോടെ സമൂഹത്തിൽ നടപ്പാക്കുന്ന 'ഭവനരഹിതർക്കൊരു വീട്' പദ്ധതിയെ അനുമോദിച്ചുകൊണ്ട് പ്രമുഖ പത്രത്തിലേക്ക് ഒരു കത്തു തയ്യാറാക്കുക.

(c) താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

നോവൽ സാഹിത്യത്തിലെ ക്ലാസിക്കുകളിലൊന്നായി വാഴ്ത്തപ്പെടുന്ന കൃതിയാണ് 'ഉഴുതുമറിച്ച മണ്ണ്'. അതിന്റെ രണ്ടാംഭാഗം ആദ്യമെഴുതിയത് പൂർണമായും നഷ്ടപ്പെടുകയും അതിന്റെ രൂപരേഖ തന്റെ മനസ്സിലുണ്ടായിരുന്നതു യുദ്ധാനന്തരപരിതസ്ഥിതിയിൽ അനുയോജ്യമല്ലെന്നു തോന്നുക നിമിത്തം മാറ്റിയെഴുതാൻ തുനിയുകയും ചെയ്തതു നോവലിന്റെ ചരിത്രത്തിൽത്തന്നെ ഒരപൂർവാനുഭവമായിരുന്നു. ഈ കൃതിയുടെ കർത്താവായ മിഖായേൽ ഷോളഖോവ് പദങ്ങൾ, ഭാഷാരീതി എന്നിവയിൽ അതീവ ശ്രദ്ധാലുവായിരുന്നു. "തന്റെ സവിശേഷമായ ഇമേജുകൾ ആവിഷ്കരിക്കുന്നതിനുള്ള ശുദ്ധവും അഭിസംക്രമണക്ഷമവുമായ ഭാഷ കണ്ടെത്താൻ എഴുത്തുകാരൻ കഠിനതപസ്സ് അനുഷ്ഠിക്കേണ്ടതുണ്ട്" എന്ന്

നോവലിസ്റ്റ് മറ്റൊരവസരത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ശാസ്ത്രസാങ്കേതിക വിജ്ഞാനങ്ങൾ ജീവിതത്തെ ത്വരിതമായി മാറ്റിമറിച്ചപ്പോൾ രൂപംകൊണ്ട പുതിയ ജീവിതപ്രശ്നങ്ങളാണ് നോവലെന്ന സാഹിത്യരൂപത്തിനു ജന്മം നൽകിയത്.

**ചോദ്യങ്ങൾ :**

(i) 'ഉഴുതുമറിച്ച മണ്ണി'ന്റെ പ്രത്യേകതയെന്ത് ? *2*

(ii) 'നോവൽ ചരിത്രത്തിലെ ഒരപൂർവാനുഭവം' എന്നു പറഞ്ഞിട്ടുള്ളത് എന്തിനെയാണ് ? *2*

(iii) നോവലെന്ന സാഹിത്യരൂപം ആവിർഭവിച്ചത് എങ്ങനെ ? *2*

(iv) നോവൽ രചനയെക്കുറിച്ച് മിഖായേൽ ഷോളഖോവിന്റെ അഭിപ്രായമെന്ത് ? *2*

(v) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം നൽകുക. *2*

**3.** (a) താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും **ആറെണ്ണത്തിന്** ഉത്തരമെഴുതുക : *5×6=30*

(i) കുട്ടികളുടെ ലോകത്തേക്ക് ഇറങ്ങിച്ചെല്ലുന്നതിനു പകരം അവർ ചോദിക്കുന്നതെന്തും വാങ്ങിക്കൊടുക്കുന്നതാണു സ്നേഹം എന്നു കരുതുന്ന രക്ഷകർത്താക്കൾക്കുള്ള ഒരു താക്കീതാണ് 'പ്രകാശം ജലം പോലെയാണ്' എന്ന കഥ. സമർത്ഥിക്കുക.

(ii) “ഇതാ ഈ പടമാണ് ഞങ്ങൾ തിരഞ്ഞുകൊണ്ടിരുന്നത്; ഏങ്ങലടികൾക്കിടയിൽ അവർ പറഞ്ഞു.” സന്ദർഭവും ആശയവും വിശദീകരിക്കുക.

(iii) അധികാര ജീർണതയുടെ പ്രതീകമാണ് ‘അഗ്നിവർണന്റെ കാലുകൾ’ എന്ന നാടകം. ഉദാഹരണത്തിലൂടെ സമർത്ഥിക്കുക.

(iv) “അനേകം നിർഭാഗ്യങ്ങളോടൊപ്പം സംഭവിച്ച ചില ഭാഗ്യങ്ങളുടെ പേരിലാണ് ഞാനിന്നു ജീവിക്കുന്നത്.” ഹൈദരലിയുടെ ജീവിതാനുഭവങ്ങളെ ആസ്പദമാക്കി ആശയം വിശദമാക്കുക.

(v) കത്തുപാട്ടുകളുടെ കൂട്ടത്തിൽ ഹൈദറിന്റെ രചനകൾ വേറിട്ടുനിൽക്കുന്നു എന്നുപറയാൻ കാരണമെന്ത് ?

(vi) “എല്ലാവരുടെയും ഉള്ളിലുണ്ട് ഒരു ബോധിവൃക്ഷം. അതു തിരിച്ചറിഞ്ഞ് ബോധിവൃക്ഷച്ചുവട്ടിലമരണം.” ആശയം വിശദികരിക്കുക.

(vii) എസ്.കെ. പൊറ്റെക്കാട് നമ്മുടെ ഭടന്മാരെയോർത്ത് അഭിമാനപുളകിതനാകാൻ ഇടയായ സാഹചര്യം വിവരിക്കുക.

(viii) സാമൂഹിക സമ്പർക്ക മാധ്യമങ്ങളെ അവഗണിച്ചു മുന്നോട്ടുപോകാൻ പറ്റാത്ത ഒരവസ്ഥ ആധുനിക കാലഘട്ടത്തിൽ ഉടലെടുക്കാനിടയായതെങ്ങനെ ?

(b) താഴെ കൊടുത്തിട്ടുള്ള ഏതെങ്കിലും **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക : *5×4=20*

(i) "കണയേറ്റ കരിമ്പുലി പോലെ
ഉരുൾ പൊട്ടിയ മാമല പോലെ
ഉലകാകെയുലയ്ക്കും മട്ടിൽ
അലറീ കാട്ടാളൻ."

ആശയവും അലങ്കാരവും വ്യക്തമാക്കുക.

(ii) 'കേശിനീമൊഴി'യിൽ ബാഹുകൻ നളൻതന്നെയാണെന്നു ദമയന്തിക്കു മനസ്സിലായതെങ്ങനെ ?

(iii) ഉണ്ണായിവാര്യരുടെ ഭാഷാപ്രയോഗപാടവം 'കേശിനീമൊഴി' എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

(iv) സന്ദർഭവും ആശയവും വിശദീകരിക്കുക.

"സജ്ജന നിന്ദകൊണ്ടേ ദുർജ്ജനം സന്തോഷിപ്പൂ
സജ്ജനത്തിനു നിന്ദയില്ല ദുർജ്ജനത്തേയും"

(v) സമൂഹത്തിന്റെ കാപട്യത്തെ തുറന്നുകാണിക്കുന്ന കവിതയാണ് 'മോഷണം'. വിശദമാക്കുക.

(vi) ആധുനിക കാലഘട്ടത്തിൽ നിലനിൽക്കുന്ന ചില ദുഷ്പ്രവണതകളെ 'കണ്ണാടികാണ്മോളവും' എന്ന കവിതയിലൂടെ എഴുത്തച്ഛൻ ആവിഷ്കരിക്കുന്നതെങ്ങനെ എന്നു വിശദമാക്കുക.

**4.** താഴെ കൊടുത്തിട്ടുള്ള ഏതെങ്കിലും **ഒരു** ചോദ്യത്തിന് ഉത്തരമെഴുതുക : *10×1=10*

(a) സമൃദ്ധിക്കു നടുവിലും നഷ്ടബോധം പേറുന്ന ഒരു കുട്ടിയെയാണ് 'അമ്മയ്ക്ക്' എന്ന കഥയിൽ നമുക്കു കാണാൻ കഴിയുന്നത്. വിശദമാക്കുക.

(b) ജാതീയമായ വേർതിരിവുകൾ തീരെ സ്പർശിക്കാത്ത മനസ്സായിരുന്നു തന്റെ അമ്മയ്ക്ക് ഉണ്ടായിരുന്നത് എന്ന് എം.ടി. ഓർമ്മിക്കുന്നു. വിശദീകരിക്കുക.